# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**നവംബർ 29**

**November 29**

**2018**

***1193 വൃശ്ചികം 13 വ്യാഴം***

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

### പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് അപേക്ഷിക്കാം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വഴി നടപ്പാക്കുന്ന പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)യിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷിക്കാം. ബാങ്കുകളിൽ നിന്നും 25 ലക്ഷം രൂപ വരെ വായ്പയും പദ്ധതി ചെലവിന്റെ 35 ശതമാനം വരെ ഗവൺമെന്റ് സബ്സിഡിയും ലഭിക്കും. മുൻവർഷങ്ങളിൽ വായ്പ എടുത്തിട്ടുള്ളവർക്ക് യൂണിറ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ വരെ 15 ശതമാനം സബ്സിഡിയോടെ വായ്പ അനുവദിക്കും. ഇതു സംബന്ധിച്ച ബോധവത്ക്കരണ ക്യാമ്പ് നാളെ (ഡിസം.1) രാവിലെ 11ന് ഇലന്തൂർ വൈഎംസിഎ ഹാളിൽ നടക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇന്ന് (30) വൈകിട്ട് മൂന്നിന് മുമ്പ് ഇലന്തൂരിലുള്ള ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസിൽ നേരിട്ടോ 0468 2362070 എന്ന നമ്പരിലൂടെയോ രജിസ്റ്റർ ചെയ്യണം.

(പിഎൻപി 3875/18)

### സംസ്ഥാനതല എക്സിബിഷൻ പത്തനംതിട്ടയിൽ

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ പിഎംഇജിപി പ്രകാരം പ്രവർത്തിക്കുന്ന വ്യവസായസംരംഭങ്ങളെ അണിനിരത്തി സംസ്ഥാനതല എക്സിബിഷൻ ഡിസംബർ 14 മുതൽ 23 വരെ പത്തനംതിട്ട മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കും. ഇതിനോടനുബന്ധിച്ച് നാളെ (ഡിസം.1) ഉച്ചയ്ക്ക് ശേഷം രണ്ടിന് പത്തനംതിട്ട മണ്ണിൽ റീജൻസിയിൽ സംഘാടക സമിതി രൂപീകരണയോഗം ചേരും. (പിഎൻപി 3876/18)

## പി.റ്റി.എ യോഗം

വെണ്ണിക്കുളം ഗവൺമെന്റ് പൊളിടെക്നിക്ക് കോളജിലെ 2018-19 വർഷത്തെ അധ്യാപക രക്ഷകർതൃ പൊതുയോഗം ഡിസംബർ മൂന്നിന് രാവിലെ 9.30ന് കോളജ് ഓഡിറ്റോറിയത്തിൽ ചേരും. (പിഎൻപി 3877/18)

## ബാങ്കിംഗ് അവലോകന സമിതി യോഗം 15ന്

ജില്ലാതല ബാങ്കിംഗ് അവലോകന സമിതിയോഗം ഡിസംബർ 15ന് രാവിലെ 10.30ന് പത്തനംതിട്ട മണ്ണിൽ റീജൻസിയിൽ നടക്കും. (പിഎൻപി 3878/18)

## കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ തുടങ്ങാം

നീതി ആയോഗിന്റെ തീരുമാനപ്രകാരം രാജ്യത്തെ വിവിധ ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന സംഘടനകൾക്ക് അനുമതി ലഭിക്കുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. ഇത് സംബന്ധിച്ച മാർഗനിർദേശങ്ങൾ www.mib.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 011 -23386547/23385021/23386653 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

(പിഎൻപി 3879/18)

## കംപ്യൂട്ടർ കോഴ്സിന് അപേക്ഷിക്കാം

ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ കീഴിൽ പന്തളത്ത് പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ ഡിസിഎ, പിജിഡിസിഎ, ഡിപ്ലോമ ഇൻ പ്രൊഫഷണൽ അക്കൗണ്ടിംഗ്, ഡി.റ്റി.പി, റ്റാലി, കംപ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ് വർക്കിംഗ്, ഓട്ടോകാഡ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി, പ്ലസ്ടു, ബിരുദം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 8078809610, 9446438028.

(പിഎൻപി 3880/18)

## ഇന്ന് (30) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (30) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ഹഫ്സ മെഡിക്കൽസ് പത്തനംതിട്ട, അക്ഷയ കമ്മ്യൂണിറ്റി ഫാർമസി കോന്നി, സതേൺ മെഡിക്കൽസ് കോഴഞ്ചേരി, മാവേലി മെഡിക്കൽ സ്റ്റോർ അടൂർ, എക്സൽ മെഡിക്കൽസ് പന്തളം, ബ്രദേഴ്സ് മെഡിക്കൽസ് മുത്തൂർ തിരുവല്ല, മരിയൻ മെഡിക്കൽസ് റാന്നി, പടിഞ്ഞാറെമണ്ണിൽ മെഡിക്കൽസ് മാടമൺ റാന്നി.

(പ്രത്യേക പത്രക്കുറിപ്പ് 35/18)

## ശബരിമല തീർഥാടനം: കർശന നിരീക്ഷണവുമായി എക്സൈസ് വകുപ്പ്

ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് കർശന നിരീക്ഷണവുമായി എക്സൈസ് വകുപ്പ്. വ്യാജമദ്യഒഴുക്ക് തടയുന്നതിനും തീർത്ഥാടകരെ ബോധവത്ക്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തുന്നത്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ മൂന്ന് സ്ഥലങ്ങളിൽ താത്കാലിക റേഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കാണ് ഇതിന്റെ പ്രവർത്തന ചുമതല. ഈ മൂന്ന് ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പമ്പയിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന അസി.എക്സൈസ് കമ്മിഷണറുടെ ഓഫീസ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തി നിർദ്ദേശങ്ങൾ നൽകും. നിലയ്ക്കലിൽ പ്രവർത്തിക്കുന്ന ഓഫീസിൽ നാല് വനിതാ എക്സൈസ്

ഗാർഡുമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. വിമുക്തിയുമായി ചേർന്ന് തീർത്ഥാടകരെ ബോധവത്ക്കരിക്കുന്നതിനായി നോട്ടീസ് വിതരണവും നടത്തി വരുന്നു.

രാജാപ്പാറ മുതൽ മദ്യനിരോധനമേഖലയായി പ്രഖ്യാപിച്ച് പ്രത്യേകം ബോർഡുകൾ എല്ലാ ഭാഷയിലുമായി സ്ഥാപിച്ചിട്ടുണ്ട്. റാന്നി, പമ്പ, നിലയ്ക്കൽ, അട്ടത്തോട്, സന്നിധാനം എന്നിവിടങ്ങളിലെ വനമേഖലയിലും മറ്റ് സ്ഥലങ്ങളിലും ഉത്സവത്തിന് മുന്നോടിയായി സംയുക്ത റെയ്ഡുകൾ നടത്തിയിരുന്നു. ഉത്സവത്തോട് അനുബന്ധിച്ച് മണ്ണാറക്കുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെയുള്ള റോഡിൽ 24 മണിക്കൂറും എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റോഡ് പട്രോളിംഗും നടപ്പാക്കി. തുടർന്നുള്ള വാഹനപരിശോധന താൽക്കാലിക റേഞ്ചിലെ ഉദ്യോഗസ്ഥർ നിർവഹിച്ച് വരുന്നു. (പ്രത്യേക പത്രക്കുറിപ്പ് 36/18)

## ശബരിമല : തീർത്ഥാടകർക്ക് ആശ്വാസമേകി കുടിവെള്ള കിയോസ്കുകൾ

ശബരിമല തീർത്ഥാടകർക്ക് ആശ്വാസമേകി വാട്ടർ കിയോസ്കുകൾ. ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് കേരള ജല അതോറിറ്റി നിലയ്ക്കലിൽ ഒരുക്കിയിരിക്കുന്ന വാട്ടർ കിയോസ്കുകളാണ് തീർത്ഥാടകർക്ക് ആശ്വാസമായിരിക്കുന്നത്. കുടിക്കാനും മറ്റ് ആവശ്യത്തിനുള്ള വെള്ളം തീർത്ഥാടകർക്ക് അവശ്യാനുസരണം ഇതിൽ നിന്നും ലഭിക്കുന്നുണ്ട്.

മൂന്നൂറ് വാട്ടർ കിയോസ്കുകളാണ് നിലയ്ക്കലിൽ മാത്രം ഒരുക്കിയിരിക്കുന്നത്. അറുപത്തിയഞ്ച് ലക്ഷം ലിറ്റർ കുടിവെള്ളം സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള ക്രമീകരണം നിലയ്ക്കലിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടാറ്റ പ്രോജക്ട് ലിമിറ്റഡുമായി ചേർന്നാണ് കുടിവെള്ള വിതരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. നിലയ്ക്കലിൽ സ്ഥാപിച്ചിരിക്കുന്ന ജലസംഭരണികളിലേക്ക് പമ്പ, സീതത്തോട് എന്നിവിടങ്ങളിൽ നിന്നും ടാങ്കർ ലോറിയിലാണ് വെള്ളം എത്തിക്കുന്നത്. കൂടാതെ, ആർ.ഒ പ്ലാന്റുകളിൽ ശുദ്ധീകരിച്ച കുടിവെള്ളം എടുക്കുന്നതിന് നാല് ടാപ്പുകളുള്ള 78 കിയോസ്ക്കുകളും രണ്ട് ടാപ്പുകൾ ഉള്ള 75 കിയോസ്ക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

ആർ. ഒ പ്ലാന്റുകളിൽ ശുദ്ധീകരിച്ച് ജലമാണ് കുടിവെള്ള ആവശ്യത്തിനായി കിയോസ്കുകൾ വഴി വിതരണം ചെയ്യുന്നത്. കൂടാതെ, സ്വാമി അയ്യപ്പൻ റോഡിൽ ശുദ്ധജലവിതരണത്തിന് വിതരണക്കുഴലുകൾ സ്ഥാപിച്ച് ചരൽമേട് ഭാഗം വരെയും ദേവസ്വം ബോർഡ് സ്ഥാപിക്കുന്ന ഇ-ടോയ്‌ലെറ്റ്, കിയോസ്ക്, പൊതുടാപ്പുകൾ എന്നിവിടങ്ങളിലും ആവശ്യത്തിന് ജലം എത്തിക്കുന്നുണ്ട്. മണിക്കൂറിൽ 33,000 ലിറ്റർ ശുദ്ധജലമാണ് ഈ പ്ലാന്റ് വഴി വിതരണം ചെയ്യുക. പന്ത്രണ്ട് ഹോട്ട് വാട്ടർ കിയോസ്കുകളുമുണ്ട്. കിയോസ്കുകൾ കൂടാതെ, തീർത്ഥാടകർക്ക് വിരി വയ്ക്കാൻ മൂന്ന് വെയിറ്റിംഗ് ഷെൽട്ടറുകളും പൂർത്തിയായിട്ടുണ്ട്. രണ്ടെണ്ണത്തിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. പണി പൂർത്തിയായ ഷെൽട്ടറുകളിൽ വിരി വയ്ക്കാനുള്ള സൗകര്യത്തിന് പുറമേ വീഡിയോ വാളും സ്ഥാപിച്ചിട്ടുണ്ട്. (പ്രത്യേക പത്രക്കുറിപ്പ് 37/18)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| | |
|---|---|
| നവംബർ 29<br>November 29 | 2018 |

*1193 വൃശ്ചികം 13 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## ത്രിഭാഷാ കോഴ്സുകൾ ജനകീയമായി നടപ്പാക്കും- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രിഭാഷാ കോഴ്സുകളായ പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛി ഹിന്ദി എന്നിവ ജില്ലയിൽ ജനകീയമായി നടപ്പാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ത്രിഭാഷാ കോഴ്സുകളുടെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ടയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. ലോകഭാഷയായ ഇംഗ്ലീഷിലും രാഷ്ട്രഭാഷയായ ഹിന്ദിയിലും സാധാരണ ജനങ്ങൾക്ക് പ്രാവീണ്യം നേടാൻ പ്രത്യേക പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കണമെന്ന് പ്രസിഡന്റ് നിർദേശിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ.എൽ.ബി.സുരേഷ് കുമാർ വിഷയാവതരണം നടത്തി. കോമൺവെൽത്ത് ഓഫ് ലേണിംഗ് വൈസ്ചെയർമാൻ ഡോ.കെ.ബാലസുബ്രഹ്മണ്യൻ മുഖ്യപ്രഭാഷണം നടത്തി. സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ. വി.വി.മാത്യു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഡോ.പി.മുരുകദാസ്, സ്റ്റേറ്റ് റിസോഴ്സ് സെന്റർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.ബി.സ്വരാജ്, അഫ്സൽ ആനപ്പാറ എന്നിവർ പ്രസംഗിച്ചു. (പിഎൻപി 3881/18)

## ലോക എയ്ഡ്സ് ദിനാചരണം:സ്കിറ്റ് കോംപറ്റീഷന്‍ നടത്തി

ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് ജില്ലാ മെഡിക്കല്‍ ഓഫീസിന്റെ (ആരോഗ്യം) ആഭിമുഖ്യത്തില്‍ നഴ്സിംഗ് കോളജ്, സ്കൂള്‍ വിദ്യാര്‍ഥികള്‍ക്കായി സ്കിറ്റ് മത്സരം നടത്തി. ഇലന്തൂര്‍ സാമൂഹികാരോഗ്യ കേന്ദ്രത്തില്‍ നടന്ന മത്സരം മെഡിക്കല്‍ ഓഫിസര്‍ ഡോ.ആര്‍.മായ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസര്‍ എ.സുനില്‍കുമാര്‍, പിആര്‍ഒ ജോളി മാത്യു, ശ്രീകുമാര്‍, ദിനേശ് തുടങ്ങിയവര്‍ സംസാരിച്ചു.

നഴ്സിംഗ് കോളജ് വിഭാഗത്തില്‍ അടൂര്‍ ഹോളിക്രോസ് കോളജ് ഓഫ് നഴ്സിംഗ് ഒന്നാം സ്ഥാനവും കോഴഞ്ചേരി പൊയ്യാനില്‍ കോളജ് ഓഫ് നഴ്സിംഗ് രണ്ടാം സ്ഥാനവും ഇലന്തൂര്‍ ഗവണ്‍മെന്റ് സ്കൂള്‍ ഓഫ് നഴ്സിംഗ്, കോഴഞ്ചേരി മുത്തൂറ്റ് കോളജ് ഓഫ് നഴ്സിംഗ് എന്നിവ മൂന്നാം സ്ഥാനവും നേടി.

ഹൈസ്കൂള്‍ വിഭാഗത്തില്‍ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂള്‍, ഇടപ്പരിയാരം എസ്എന്‍ഡിപി എച്ച്എസ് എന്നിവ വിജയികളായി. വിജയികള്‍ക്ക് ഡിസംബര്‍ ഒന്നിന് പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാന്‍ഡില്‍ നടക്കുന്ന ചടങ്ങില്‍ സമ്മാനങ്ങള്‍ വിതരണം ചെയ്യും. (പിഎന്‍പി 3882/18)

## സ്കോളര്‍ഷിപ്പിന് അപേക്ഷിക്കാം

കേരള ഷോപ്സ് ആന്‍ഡ് കൊമേഴ്സ്യല്‍ തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ അംഗങ്ങളായവരുടെ മക്കളില്‍ ബിരുദ, ബിരുദാനന്തര കോഴ്സുകള്‍ക്കും ബിടെക്, ബിഎസ്സി നഴ്സിംഗ്, ബിഡിഎസ്, എംബിബിഎസ്, ബിഎഎംഎസ്, ബിഎച്ച്എംഎസ്, എല്‍എല്‍ബി കോഴ്സുകള്‍ക്കും ഇവയുടെ ബിരുദാനന്തര കോഴ്സുകള്‍ക്കും 60 ശതമാനം മാര്‍ക്കില്‍ കുറയാതെ വിജയികളായവരില്‍ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങള്‍ നേടിയവര്‍ക്ക് സ്കോളര്‍ഷിപ്പിന് അപേക്ഷിക്കാം. മാര്‍ക്ക് ലിസ്റ്റിന്റെ പകര്‍പ്പ് സഹിതമുള്ള അപേക്ഷ ഡിസംബര്‍ 22നകം ജില്ലാ ഓഫീസില്‍ നല്‍കണം. ഫോണ്‍: 0468 2223169.

(പിഎന്‍പി 3883/18)

## ലൈഫ് മിഷന്‍ വഴി റ്റിജുവിന് ലഭിച്ചത് പുതുജീവിതം

റ്റിജുവിന്റേയും കുടുംബത്തിന്റേയും വീടെന്ന സ്വപ്നം പൂവണിഞ്ഞു. സംസ്ഥാന സര്‍ക്കാരിന്റെ സമ്പൂര്‍ണ പാര്‍പ്പിട പദ്ധതിയായ ലൈഫ് മിഷന്‍ വഴിയാണ് ചെന്നീര്‍ക്കര പന്ത്രണ്ടാം വാര്‍ഡിലെ റ്റിജുവിന്റെ സ്വന്തമായൊരു വീടെന്ന സ്വപ്നം സഫലമായത്. ചെന്നീര്‍ക്കര ഗ്രാമപഞ്ചായത്തിലെ രണ്ടാംഘട്ടം ലൈഫ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി പൂര്‍ത്തീകരിച്ച ആദ്യ വീടാണ് ഇത്. വീടില്ലാതെ വര്‍ഷങ്ങളായി ഷെഡ്ഡ് കെട്ടി അതിലായിരുന്നു റ്റിജുവിന്റേയും കുടുംബത്തിന്റേയും താമസം. കൂലിവേലക്കാരനായ റ്റിജുവിന് നിത്യവൃത്തി എന്നതിനപ്പുറം വീട് വയ്ക്കാനുള്ള പണം കൈവശമില്ലായിരുന്നു. ഈ വിഷമസ്ഥിതി അഭിമുഖീകരിക്കവേയാണ് സംസ്ഥാന സര്‍ക്കാരിന്റെ പാര്‍പ്പിട പദ്ധതി വഴി വീട് അനുവദിച്ച് കിട്ടുന്നത്. രണ്ടാം ഘട്ടത്തില്‍ ചെന്നീര്‍ക്കര പഞ്ചായത്തില്‍ പതിനെട്ട് വീടുകളാണ് ലൈഫ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്. ഇതില്‍ മറ്റ് വീടുകളുടെ പണികള്‍ പൂര്‍ത്തീകരിച്ച് വരികയാണ്. വീടിന്റെ താക്കോല്‍ ദാനം ചെന്നീര്‍ക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത് നിര്‍വഹിച്ചു. വൈസ് പ്രസിഡന്റ് ജെയിംസ് കെ.സാം, സെക്രട്ടറി ജി.ഹരികുമാര്‍, പഞ്ചായത്തംഗങ്ങളായ രാധാമണി സുധാകരന്‍, ജി.ഓമനക്കുട്ടന്‍ നായര്‍, തുടങ്ങിയവര്‍ സന്നിഹിതരായിരുന്നു. (പിഎന്‍പി 3884/18)

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നല്‍കി

നവകേരള നിര്‍മ്മിതിക്കായി സുമനസുകളുടെ സഹായമൊഴുകുന്നു. കൊടുമണ്‍ അങ്ങാടിക്കല്‍ തെക്ക് സഹൃദയ കലാകായിക സമിതിയും കൊടുമണ്‍ പബ്ലിക്

ലൈബ്രറിയും സംയുക്തമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ച പതിനായിരം രൂപ ജില്ലാ കളക്ടർ പി.ബി നൂഹിന് കൈമാറി. ഗ്രന്ഥശാലാ പ്രസിഡന്റ് ജെ. ശ്യാം, വൈസ് പ്രസിഡന്റ് പി.ജി പ്രകാശ്, സഹൃദയ കലാകായിക സമിതി സെക്രട്ടറി ബിജു കോയിക്കലേത്ത് , ക്ലബ്ബ് അംഗങ്ങളായ ഉദയചന്ദ്രൻ, ബിനു എന്നിവർ സന്നിഹിതരായിരുന്നു.

(പിഎൻപി 3885/18)

## ലോക് അദാലത്ത് ഡിസംബർ എട്ടിന്

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള നാഷണൽ ലോക് അദാലത്ത് പത്തനംതിട്ട, റാന്നി, അടൂർ, തിരുവല്ല എന്നിവിടങ്ങളിലെ കോടതികളിൽ ഡിസം ബർ എട്ടിന് നടക്കും. കേസുകളിൽ ഒത്തുതീർപ്പാക്കാവുന്ന പരാതികളും പ്രീലിറ്റിഗേഷൻ പരാതികളും അദാലത്തിൽ പരിഗണിക്കും. ബാങ്കുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇൻഷു റൻസ് കമ്പനികൾ, സർക്കാർ വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

ബന്ധപ്പെട്ട ഓഫീസുകളിലും ലീഗൽ സർവീസസ് അതോറിറ്റിയുടെ ജില്ലാ ഓഫീ സിലും താലൂക്ക്തല ഓഫീസുകളിലും ഡിസംബർ ഒന്ന് വരെ പരാതികൾ സ്വീകരിക്കുമെന്ന് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ ആർ.ജയകൃഷ്ണൻ അറിയിച്ചു. (പിഎൻപി 3886/18)

## പ്രമാണ പരിശോധന

ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് എസ്.സി/എസ്.റ്റി) തസ്തികയുടെ (കാറ്റഗറി നമ്പർ 297/16) സാധ്യതാ പട്ടികയിൽ ഉൾപ്പെ ട്ടവരുടെ ഒറ്റത്തവണ പ്രമാണ പരിശോധന ഡിസംബർ നാലിനും അഞ്ചിനും രാവിലെ 10ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാ ഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്നതിനുള്ള കമ്മ്യൂ ണിറ്റി സർട്ടിഫിക്കറ്റ് എന്നിവരുടെ അസൽ രേഖകൾ സഹിതം ഹാജരാകണം. ഫോൺ: 0468 2222665. (പിഎൻപി 3887/18)

## ജലവിതരണം ഡിസംബർ ഒന്ന് മുതൽ

പമ്പ ജലസേചന പദ്ധതിയുടെ 2018-19 വർഷത്തെ ജലവിതരണം ഡിസംബർ ഒന്നിന് ആരംഭിക്കും. കനാലിന്റെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. (പിഎൻപി 3888/18)

### പ്രത്യേക പത്രക്കുറിപ്പ്

## തീർഥാടകർക്ക് ആശ്വാസമേകി നിലയ്ക്കൽ ഗവൺമെന്റ് ആശുപത്രി

ചികിത്സ ഉറപ്പു വരുത്തി നിലയ്ക്കൽ ആശുപത്രി തീർഥാടക ലക്ഷങ്ങൾക്ക് ആശ്വാസമായി മാറുന്നു. മണ്ഡലകാല ആരംഭത്തിൽ തന്നെ പ്രതിദിനം അറുന്നൂറിൽ അധികം അയ്യപ്പൻമാ രാണ് ഇവിടെ ചികിത്സതേടിയെത്തുന്നത്.

ജനറൽ വിഭാഗത്തിന് പുറമേ ഓർത്തോ, ഹൃദ്രോഗ വിഭാഗങ്ങളും ഇവിടെ സജ്ജീകരി ച്ചിട്ടുണ്ട്. പാമ്പ് കടിയേറ്റാൽ അടിയന്തരമായി നൽകേണ്ട സ്നേക്ക് വെനം ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും മറ്റ് സജ്ജീകരണങ്ങളും ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. അത്യാഹിത വിഭാഗം, കിടത്തി ചികിത്സിക്കാനുള്ള പ്രത്യേക വാർഡുകൾ എന്നിവയ്ക്ക് പുറമേ പ്രത്യേക നിരീക്ഷണം ആവശ്യമുള്ളവർക്കായി നിരീക്ഷണ വാർഡും തയാറാക്കിയിട്ടുണ്ട്. പരിശോധനാ ലാബും ഫാർമസിയും 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്. ആറ് ഡോക് ടർമാരും നഴി സിങ് സ്റ്റാഫുകളും ആവശ്യത്തിന് മരുന്നുകളും ഇവിടെ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഡിഎംഒ

(ആരോഗ്യം) ഡോ.എ.എൽ.ഷീജ പറഞ്ഞു. (പ്രത്യേക പത്രക്കുറിപ്പ് 38/18)

## മായം കൈയോടെ പിടികൂടാൻ സഞ്ചരിക്കുന്ന ലാബ് ഒരുക്കി ഭക്ഷ്യസുരക്ഷാ വകുപ്പ്

ശബരിമല തീർഥാടകർക്ക് മായംകലർന്നതോ പഴകിയതോ ആയ ഭക്ഷണം വിതരണം ചെയ്താൽ കൈയോടെ പിടികൂടും. ഇത്തരക്കാരെ പിടികൂടാൻ സഞ്ചരിക്കുന്ന പരിശോധനാ ലാബ് ഒരുക്കി ഭക്ഷ്യസുരക്ഷാ വകുപ്പ് കർമ നിരതരായി. നിലയ്ക്കലും, എരുമേലിയും കേന്ദ്രീകരിച്ചാണ് സഞ്ചരിക്കുന്ന ലാബുകൾ സജ്ജീകരിച്ചിട്ടുള്ളത്. അതതിടങ്ങളിലെ കടകളിൽ നേരിട്ടെത്തി സംശയകരമായ ഭക്ഷണ സാമ്പിളുകൾ ഉദ്യോഗസ്ഥർ ശേഖരിക്കും. ഇവ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച് നടപടിയെടുക്കും.

സന്നിധാനം മുതൽ ളാഹ വരെയുള്ള കടകളിൽ ഭക്ഷസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ പരിശോധന നടത്തുന്നുണ്ട്. ശബരിമലയിലെ അപ്പം, അരവണ നിർമിക്കുന്നതിന് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരവും ഇവർ പരിശോധിക്കുന്നുണ്ട്. കൂടാതെ അരവണ നിർമാണത്തിലെ ഓരോ ഘട്ടത്തിലും സാമ്പിളുകൾ എടുത്ത് ഗുണനിലവാരം പരിശോധിക്കുന്നതിനും സന്നിധാനത്ത് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രതിദിനം 200ൽ പരം ഭക്ഷ്യസാമ്പിളുകളാണ് പരിശോധനക്ക് വിധേയമാക്കുന്നത്. ശീതള പാനീയങ്ങൾ, കുടിവെള്ളം, ഭക്ഷണപദാർഥങ്ങൾ എന്നിവയുടെ പ്രാഥമിക പരിശോധനകളാണ് ലാബിൽ നടക്കുക. മായം കണ്ടെത്തുന്ന സാമ്പിളുകൾ കൂടുതൽ പരിശോധനയ്ക്കായി അയയ്ക്കും. ക്രമക്കേട് കണ്ടെത്തിയാൽ ഉടൻ വ്യാപാരിക്ക് നോട്ടീസ് നൽകുകയും വില്പന നിർത്തി വയ്പിക്കുകയും ചെയ്യും.

ഒരു ജൂനിയർ റിസർച്ച് ഓഫീസറും ഒരു ടെക്നിക്കൽ അസിസ്റ്റന്റുമാണ് പരിശോധനാ ലാബിൽ ഉള്ളത്. മണ്ഡല മകരവിളക്ക് കാലത്തിന് ശേഷവും ഓരോ ജില്ലയിലും വകുപ്പിന്റെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന ലാബിന്റെ പ്രവർത്തനം ഉണ്ടാകും.

(പ്രത്യേക പത്രക്കുറിപ്പ് 39/18)

## ആയിരങ്ങൾക്ക് അന്നമൂട്ടി നിലയ്ക്കൽ അന്നദാന മണ്ഡപം

ആയിരക്കണക്കിന് അയ്യപ്പൻമാരെ അന്നമൂട്ടി നിലയ്ക്കൽ അന്നദാന മണ്ഡപം.രാവിലെ ഏഴ് മണിമുതൽ തന്നെ പ്രഭാത ഭക്ഷണം നൽകിത്തുടങ്ങും. ഉച്ചക്ക് 12 മുതലാണ് സദ്യ വിതരണം ആരംഭിക്കുന്നത് ഉച്ചക്ക് മൂന്ന് വരെ എല്ലാവിഭവങ്ങളും ചേർന്ന സദ്യ വിതരണം ഉണ്ടാവും. തിരക്ക് കൂടുമ്പോൾ നാലു മണിവരെയും സദ്യവിതരണം നീളാറുണ്ട്. രാത്രി ഏഴു മുതൽ കഞ്ഞി വിതരണം ചെയ്യും. രാത്രി പത്തു വരെ കഞ്ഞി വിതരണം തുടരും. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അയ്യപ്പൻമാർ ഉൾപ്പെടെ ഇവിടെ എത്തി സദ്യ കഴിച്ചാണ് അവരുടെ നാടുകളിലേക്ക് മടങ്ങുന്നത്. (പ്രത്യേക പത്രക്കുറിപ്പ് 40/18)

## ശബരിമല തീർത്ഥാടനം :
## കൂടുതൽ സൗകര്യങ്ങളൊരുക്കി റാന്നി ഗ്രാമപഞ്ചായത്ത്

ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർക്ക് അവശ്യസൗകര്യങ്ങളൊരുക്കി റാന്നി ഗ്രാമപഞ്ചായത്ത്. ഇതിനായി സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയാണ് റാന്നി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരിക്കുന്നത്. തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് പഞ്ചായത്ത് ഏർപ്പെടുത്തിയിരിക്കുന്നത്. ഇടത്താവളങ്ങൾ വിശ്രമിക്കാൻ മാത്രമാക്കാതെ തീർത്ഥാടന സൗഹൃദകേന്ദ്രങ്ങളാക്കാനും തദ്ദേശ സ്വയംഭരണവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടത്താവളങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. പ്രളയത്തിൽ വലിയ നാശം നേരിട്ട റാന്നി പഞ്ചായത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. പ്രളയത്തിൽ തകർന്ന പെരുമ്പുഴ

കടവിലെ ശൗചാലയങ്ങളുടെ പുനരുദ്ധാരണം ആദ്യം നടത്തി. തീർത്ഥാടകർക്ക് കുളിക്കാനും മറ്റ് പ്രാഥമികാവശ്യങ്ങൾക്കുമായി പെരുമ്പുഴ കടവ് ഉപയോഗിക്കാവുന്നതാണ്. മാത്രമല്ല ഇവിടെ രണ്ട് ലൈഫ് ഗാർഡുകളേയും നിയമിച്ചിട്ടുണ്ട്. കൂടാതെ, രാമപുരം ക്ഷേത്രത്തിലും അതിന് സമീപത്തുമായി രണ്ട് ഇടത്താവളങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവിടേക്ക് ആവശ്യമായ പായ, സ്പൂണുകൾ, പ്ലേറ്റുകൾ, ഗ്ലാസുകൾ, ബക്കറ്റുകൾ, കുടിവെള്ളം എന്നിങ്ങനെ ആവശ്യമായ എല്ലാ സാധനങ്ങളും എത്തിച്ചിട്ടുണ്ട്. തിരുവാഭരണപാതയിലെ കേടായ തെരുവുവിളക്കുകൾ നന്നാക്കി. കൂടാതെ, പുതിയ തെരുവുവിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(പ്രത്യേക പത്രക്കുറിപ്പ് 41/18)

## ശബരിമല തീർത്ഥാടനം : സൗകര്യങ്ങളൊരുക്കി കുളനട പഞ്ചായത്ത്

ശബരിമല തീർത്ഥാടകർക്ക് എല്ലാ സൗകര്യങ്ങളുമൊരുക്കി കുളനട ഗ്രാമപഞ്ചായത്ത്. തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം, ഭക്ഷണം, വിശ്രമകേന്ദ്രങ്ങൾ എന്നിവയാണ് സജ്ജമാക്കിയിട്ടുള്ളത്. പന്തളം ശാസ്താക്ഷേത്രത്തിനും കൊട്ടാരത്തിനും അടുത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ തീർത്ഥാടകർ ഏറ്റവും കൂടുതൽ വന്ന് പോകുന്ന സ്ഥലമാണ് കുളനട.

ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിന് മുൻപ് തന്നെ പഞ്ചായത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചിരുന്നു. തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങളാണ് പഞ്ചായത്ത് ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാർ പതിനഞ്ച് ലക്ഷം രൂപയാണ് സൗകര്യങ്ങളൊരുക്കുന്നതിനായി പഞ്ചായത്തിന് അനുവദിച്ചിരിക്കുന്നത്. ഇടത്താവളങ്ങൾ വിശ്രമിക്കാൻ മാത്രമാക്കാതെ തീർത്ഥാടന സൗഹൃദകേന്ദ്രങ്ങളാക്കാൻ തദ്ദേശ സ്വയംഭരണവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇടത്താവളങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. കുടിവെള്ള സൗകര്യങ്ങൾ, ബാത്ത്റൂം, വിശ്രമത്തിനുള്ള പ്രത്യേകഇടം, ഭക്ഷണം എന്നു വേണ്ട എല്ലാ അവശ്യസൗകര്യങ്ങളും ഇവിടെയുണ്ട്. സർക്കാർ അനുവദിച്ച പതിനഞ്ച് ലക്ഷം രൂപയ്ക്ക് പുറമേ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചിലവഴിക്കും.

(പ്രത്യേക പത്രക്കുറിപ്പ് 42/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ത്രിഭാഷാ കോഴ്സുകളുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്ന പൂർണാദേവി നിർവഹിക്കുന്നു.
2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൊടുമൺ അങ്ങാടിക്കൽ തെക്ക് സഹൃദയ കലാകായിക സമിതിയും കൊടുമൺ പബ്ലിക് ലൈബ്രറിയും സമാഹരിച്ച തുക ജില്ലാ കളക്ടർ പി.ബി നൂഹിന് കൈമാറുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**